"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**മാലിന്യ മുക്തം നവകേരളം** എന്ന ലക്ഷ്യം നേടുന്നതിനും - 2016 ലെ ഖരമാലിന്യ പരിപാലനചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുമായി ആരംഭിച്ച ക്യാമ്പയിനിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1068/2023/LSGD തീയതി,തിരുവനന്തപുരം, 20-05-2023

---

പരാമർശം:-

1. 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ.
2. 8/03/2023, 10/03/2023, 13/03/2023 തീയതികളിലെ WP(C) 7844/ 2023 (s) നമ്പരായുള്ള ബഹു കേരള ഹൈക്കോടതിയുടെ ഉത്തരവ്.
3. 15.03.2023 തീയതിയിലെ സ.ഉ.(സാധാ)നം.619/2023/LSGD നമ്പർ സർക്കാർ ഉത്തരവ്.
4. 12.04.2023 തീയതിയിലെ സ.ഉ.(സാധാ)നം.867/2023/LSGD നമ്പർ സർക്കാർ ഉത്തരവ്.
5. 02/05/2023 ലെ സ.ഉ.(സാധാ) നം 960/2023/LSGD നമ്പർ സർക്കാർ ഉത്തരവ്.
6. 18.05.2023 തീയതിയിലെ സ.ഉ.(സാധാ)നം. 1055/2023/LSGD നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

മാലിന്യ മുക്ത നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടന്നു വരുന്ന ക്യാമ്പയിൻ ഊർജ്ജിതപ്പെടുത്തുന്നതിനും, 2016 ലെ ഖരമാലിന്യ പരിപാലനചട്ടങ്ങൾ സംസ്ഥാനമൊട്ടാകെ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ബഹു. കേരള ഹൈക്കോടതി നിർദ്ദേശ പ്രകാരം പരാമർശം (3) ലെ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ ബഹു. കേരള ഹൈക്കോടതി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ നടപ്പാക്കണമെങ്കിൽ ജനപങ്കാളിത്തത്തോടെയുള്ള ക്യാമ്പയിനിലൂടെ മാത്രമെ കഴിയുകയുള്ളൂവെന്നതിനാൽ ഈ മേഖലയിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു കൊണ്ട് മാലിന്യ മുക്തം നവകേരളം എന്ന ക്യാമ്പയിന് സർക്കാർ തുടക്കം കുറിച്ചു. പരാമർശം (3) പ്രകാരം സംസ്ഥാന വ്യാപകമായി ക്യാമ്പയിൻ ആരംഭിക്കാൻ സർക്കാർ നിർദ്ദേശം നൽകുകയും പരാമർശം (4) പ്രകാരം ക്യാമ്പയിൻ സെക്രട്ടേറിയറ്റിന് രൂപം നൽകുകയുണ്ടായി. പ്രസ്തുത ക്യാമ്പയിന്റെ ഫലപ്രദമായ നടത്തിപ്പിന് ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും പരാമർശം (6)ലെ ഉത്തരവ് റദ്ദാക്കികൊണ്ടും ഉത്തരവാകുന്നു.

# മാലിന്യ മുക്തം നവകേരളം

## ആമുഖം

കേരളം സാമൂഹ്യ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ സമാനതകളില്ലാത്ത നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ മാലിന്യ സംസ്കരണ മേഖലയിൽ നാം നിരവധി പ്രതിസന്ധികളെ നേരിടേണ്ടതായി വരുന്നു. വ്യക്തിശുചിത്വത്തിലും ഗൃഹശുചിത്വത്തിലും നാം മുന്നിലാണെങ്കിലും പരിസര ശുചിത്വത്തിൽ ഏറെ പിന്നിലാണ്. സമൂഹത്തിന്റെ പൊതുബോധം ഇപ്പോഴും വ്യക്തി കേന്ദ്രീകൃതമായി നിലനില്ക്കുന്നു. ഇതിന്റെ ഫലമായി യാതൊരു സങ്കോചവുമില്ലാതെ അവരവർ ഉല്പാദിപ്പിക്കുന്ന മാലിന്യം പൊതു ഇടങ്ങളിലേക്കും ജലസ്രോതസുകളിലേക്കും വലിച്ചെറിയുന്നു. നാട്ടിലെമ്പാടും മാലിന്യക്കൂനകൾ ഉയരുകയും കുടിവെള്ള സ്രോതസുകൾ ഉൾപ്പെടെ മലിനമാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് 2017 ൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ മാലിന്യ മുക്ത കേരളത്തിനായുള്ള പ്രവർത്തനം ആരംഭിച്ചത്. ഈ ക്യാമ്പയിന്റെ രണ്ടാംഘട്ടം എന്ന നിലയിൽ മാലിന്യ മുക്ത നവകേരളം വലിച്ചെറിയൽ മുക്തകേരളം ക്യാമ്പയിനിലൂടെ 2025 ഓടെ കേരളത്തെ മാലിന്യമുക്ത മാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.നവകേരളം പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന ശുചിത്വ-മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാൻ നമുക്ക് കഴിയും. കൊച്ചി നഗരസഭയിലെ ബ്രഹ്മപുരത്ത് ഉണ്ടായ തീപിടുത്തവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വയം കേസെടുക്കുന്നതിനുള്ള സാഹചര്യവും ഉണ്ടായത് പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചു. കഴിഞ്ഞ ഒരു ദശാബ്ദക്കാലം നാം സ്വീകരിച്ച വന്ന രീതികളിൽ നിന്നും മാറി പുതിയ ചിന്തകളും രീതിശാസ്ത്രവും അവലംബിക്കേണ്ടതുണ്ട്. അതിനു വേണ്ടി പുതിയ ലക്ഷ്യങ്ങളും പുത്തൻ പ്രവർത്തന രീതിയും കൊണ്ടു വരേണ്ടതുണ്ട്. **മാലിന്യ മുക്തം നവകേരളം** എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സമസ്ത ജനവിഭാഗത്തേയും അണിനിരത്തി മാലിന്യ സംസ്കരണത്തിന് ഒരു ബഹുജനപ്രസ്ഥാനം കെട്ടിപ്പടുത്ത് ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്നതിനു സഹായിക്കുന്ന ഒരു ബഹുജന ക്യാമ്പയിൻ ആരംഭിക്കുന്നു. ഈ ക്യാമ്പയിന്റെ പ്രവർത്തന മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

### 1. ക്യാമ്പയിന്റെ പൊതുവായ ലക്ഷ്യം

1.1 കേരളം സമയബന്ധിതമായി മാലിന്യ മുക്തമാകണം.

1.2 വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ രീതിയിൽ ഊന്നിയുള്ള അടിസ്ഥാന

സൗകര്യ വികസനം.

**1.3** മാലിന്യം വലിച്ചെറിയൽ മുക്ത സംസ്ഥാനം.

**2. അടിയന്തിരമായി കൈവരിക്കേണ്ട ലക്ഷ്യം** -2023 **ജൂൺ** 5 **ന് മുൻപ്**

**2.1** മാലിന്യം ഉറവിടത്തിൽ ജൈവ - അജൈവ തരംതിരിക്കൽ **100** %നടക്കണം.

**2.2** ജൈവ മാലിന്യം ഉത്പാദകരുടെ ഉത്തരവാദിത്വത്തിൽ ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കുകയോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് ഫെസിലിറ്റിയിൽ എത്തിക്കുകയോ വേണം. **31.03.2023** തീയതിയിലെ സ.ഉ (സാധാ) നം.**789/2023**/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകാത്തവരിൽ നിന്നും, യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

**2.3** ഉറവിടത്തിൽ തരംതിരിച്ച അജൈവമാലിന്യം ഹരിതകർമ്മ സേനക്ക് യൂസർഫീ നൽകി കൈയ്യൊഴിയണം.വസ്തു നികുതിക്കൊപ്പം യൂസർഫീ ഈടാക്കണമെന്ന ഉത്തരവിന്റെ പശ്ചാത്തലത്തിൽ **100%** സമയബന്ധിതമായ വാതിൽപ്പടി ശേഖരണം തദ്ദേശ സ്വയം ഭരണ സ്ഥാപനം ഉറപ്പാക്കണം.

**2.4** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് തിട്ടപ്പെടുത്തി പരിഹരിക്കണം.

**2.5** പൊതു ഇടങ്ങളിലും റോഡരികിലും വലിച്ചെറിയപ്പെട്ടതിനാൽ രൂപപ്പെട്ട മാലിന്യ കൂനകൾ നീക്കം ചെയ്യണം. ഇതിനു ശേഷം വേസ്റ്റ് ബിൻ സ്ഥാപിക്കണം. ഇപ്രകാരം മാലിന്യ കൂനകൾ നീക്കം ചെയ്ത ശേഷം ലഭിക്കുന്ന സ്ഥലം, പൂന്തോട്ടം, എം.സി.എഫ് എന്നിവ നിർമ്മിക്കുന്നതിനും അജൈവ പാഴ്വസ്തുക്കൾ ഇനം തിരിച്ചു ശേഖിക്കുന്നതിനും അനുയോജ്യമായ സംഭരണികൾ പ്രാദേശിക സമിതി, സംഘടന, സ്ഥാപനം, സന്നദ്ധരായ വ്യക്തികൾ എന്നിവരുടെ മേൽനോട്ട ചുമതലയിൽ സ്ഥാപിക്കുന്നതിനുമായി ഉപയോഗപ്പെടുത്തണം.

**2.6** ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് പുനഃസ്ഥാപിക്കുണം.

**2.7** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ സ്ഥാപനങ്ങളുടെയും എല്ലാ ഓഫിസുകളും ഓഫീസ് സമുച്ചയങ്ങളും സ്ഥാപനങ്ങളും ശുദ്ധികരിച്ച് ഉപയോഗ യോഗ്യമല്ലാത്ത ഫർണിച്ചർ, ഇ- മാലിന്യം എന്നിവ ഉൾപ്പെടെയുള്ള മാലിന്യം നീക്കം ചെയ്യുകയും മാലിന്യ സംഭരണത്തിനും തരംതിരിച്ചു കൈയ്യൊഴിയുന്നതിനും സ്ഥല ലഭ്യതക്കനുസൃതമായി എം.സി.എഫ് / മിനി എം.സി.എഫുകളും ജൈവ മാലിന്യം സംസ്കരിക്കുന്നതിന് തുമ്പൂർമൊഴി യൂണിറ്റുകൾ, മറ്റ് മാലിന്യ സംസ്കരണ ഉപാധികൾ മുതലായവ ഏർപ്പെടുത്തേണ്ടതാണ്.

**2.8** പ്രവർത്തനങ്ങളുടെ ഓരോഘട്ടവും അവസാനിക്കുമ്പോൾ ജനകീയ ഓഡിറ്റ് നടത്തണം.

3. **ഹ്രസ്വകാല ലക്ഷ്യം (2023 നവംബർ 30 ന് മുൻപ്)**

**3.1** ജൈവ - അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് ആവശ്യമായ സ്ഥിര സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനു നടപടി സ്വീകരിക്കണം. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലെ എല്ലാ വാർഡുകളിലും എം.സി.എഫുകളും ബ്ലോക്ക് നഗരസഭാ തലങ്ങളിലും കോർപ്പറേഷനുകളിൽ മേഖലാതലത്തിലും ആർ.ആർ.എഫുകളും **2023** ഒക്ടോബർ **31** ന് മുൻപായി സ്ഥാപിക്കേണ്ടതാണ്.

**3.2** ആവശ്യമായ യന്ത്ര സാമഗ്രികളും വാഹനങ്ങളും ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുക.

**3.3** അടിയന്തിരഘട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയും സുസ്ഥിരതയും കൈവരിക്കുക.

**3.4** എല്ലാ ഗ്രാമപഞ്ചായത്തിലും എം.സി.എഫ്, നഗരപ്രദേശങ്ങളിൽ എല്ലാ വർഡുകളിലും മിനി എം.സി.എഫ് -കൾ സ്ഥാപിക്കുക.

**3.5** ബ്ലോക്ക് മുനിസിപ്പൽ തലത്തിലും കോർപ്പറേഷനുകളിൽ മേഖലാതലത്തിലും **RRF**-കൾ സ്ഥാപിക്കുക.

4. **ദീർഘകാല ലക്ഷ്യം - 2024 മാർച്ച് 31 വരെ**

**4.1** ശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്ക്കരണം നടത്തുന്നതിനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാക്കുകയും സ്ഥിരം സംവിധാനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

**4.2** മാലിന്യ ശേഖരണം, സംഭരണം, ഇനം തിരിച്ച് തരംതിരിക്കൽ, കൈയ്യൊഴിയൽ എന്നീ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനു ഉപയോഗിക്കേണ്ട ഹരിത മിത്രം ആപ്പ് മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാക്കുകയും ഉപയോഗിക്കുന്നുവെന്നു ഉറപ്പാക്കുകയും ചെയ്യുക.

**4.3** കാലപ്പഴക്കമുള്ള ഡംപ് സൈറ്റുകൾ ബയോ റമഡിയേഷന് വിധേയമാക്കുകയും ഡംപ് സ്ഥിതിചെയ്യുന്ന ഭൂമി വീണ്ടെടുക്കുകയും ചെയ്യുക.

**4.4** ഗാർഹിക ആപത്ക്കരമായ മാലിന്യം - സാനിറ്ററി വേസ്റ്റ് ഉൾപ്പടെയുള്ള മാലിന്യം സംസ്ക്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

4.5 കൺസ്ട്രക്ഷൻ ഡീമോളിഷൻ വേസ്റ്റ് മാനേജ്മെന്റിനുള്ള സംവിധാനം ആരംഭിക്കുക.

## 5. ക്യാമ്പയിൻ സംഘടനാ സംവിധാനം

### 5.1 ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റി

5.1.1 ക്യാമ്പയിൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ബഹു : തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയായിരിക്കും.

5.1.2 തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, നവകേരളം കർമ്മ പദ്ധതി കോ ഓർഡിനേറ്റർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പ്രൊജക്ട് ഡയറക്ടർ KSWMP,പ്ലാനിംഗ് ബോർഡ് അംഗം (വികേന്ദ്രീകരണ വിഭാഗം), എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, ഡയറക്ടർ ജനറൽ, കില, ക്യാമ്പയിൻ സെക്രട്ടേറിയറ്റ് പ്രതിനിധി എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായിരിക്കും.

5.1.3 സംസ്ഥാന തലത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക അവലോകന സംവിധാനമുണ്ടായിരിക്കും.

5.1.4 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ വാർ റൂം പ്രവർത്തിക്കും.

5.1.5 തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ ഏകോപന സമിതികൾ ജില്ലാതല വാർറൂമുകളായി പ്രവർത്തിക്കും.

### 5.2 സംസ്ഥാന തല ക്യാമ്പയിൻ സെക്രട്ടേറിയറ്റ്

ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തല ക്യാമ്പയിൻ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. ക്യാമ്പയിൻ സെക്രട്ടേറിയറ്റ് പ്രവർത്തനങ്ങളുടെ പൊതുവായ ഏകോപനം ശുചിത്വ മിഷൻ നിർവഹിക്കേണ്ടതാണ്. 12-04-2023ലെ സ.ഉ.(സാധാ) നം. 867/2023/LSGD പ്രകാരം സംസ്ഥാന തല ക്യാമ്പയിൻ സെക്രട്ടേറിയറ്റ് പ്രവർത്തിക്കേണ്ടതാണ്.

### 5.3 **ജില്ലാതല സംഘാടക സമിതി**

- രക്ഷാധികാരി - ജില്ലയുടെ ചുമതലയുള്ള മന്ത്രി
- ചെയർപേഴ്സൺ - ഡി.പി.സി അദ്ധ്യക്ഷൻ
- കോ-ചെയർപേഴ്സൺ - ജില്ലാ കളക്ടർ
- കൺവീനർ - ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

- ജോയിന്റ് കൺവീനർമാർ - 1. നവകേരളം ജില്ല കോർഡിനേറ്റർ

  2. ശുചിത്വ മിഷൻ ജില്ല കോർഡിനേറ്റർ

- അംഗങ്ങൾ :
- എം.എൽ. എ / എം.പി
- മേയർ, നഗരസഭ
- ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ
- ജില്ലാ പ്ലാനിംഗ് ഓഫീസർ
- ഡി.പി. സി. അംഗങ്ങൾ
- ഗ്രാമ, ബ്ലോക്ക്, നഗരസഭാ അസോസിയേഷൻ / ചേംബർ പ്രതിനിധി
- ജില്ലാ തല ഏകോപന സമിതി അംഗങ്ങൾ
- കെ എസ് ഡബ്ല്യൂ എം പി, ഡെപ്യൂട്ടി കോർഡിനേറ്റർ
- ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ
- ജില്ലാ മെഡിക്കൽ ഓഫീസർ
- ജനകീയാസൂത്രണ ജില്ലാ ഫസിലിറ്റേറ്റർ
- RGSA ജില്ലാ കോർഡിനേറ്റർ

- 5.3.1 ചുമതല
  - ജില്ലകളിൽ ജനകീയ ക്യാമ്പയിനാക്കി മാറ്റുക. വിവിധ സംഘടനകളെയും സ്ഥാപനങ്ങളെയും ഏജൻസികളെയും ക്യാമ്പയിനിൽ പങ്കാളികളാക്കുക. നിരന്തര അവലോകനം

**5.4 ജില്ലാതല ക്യാമ്പയിൻ സെക്രട്ടേറിയറ്റ്**

നവകേരളം ജില്ലാ കോ-ഓർഡിനേറ്റർക്കായിരിക്കും ജില്ലാതലത്തിൽ ക്യാമ്പയിൻ ഏകോപനത്തിന്റെ ചുമതല. ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളുടെ വിശദാംശം 12/04/2023 ലെ സർക്കാർ ഉത്തരവ് നം. 867/2023/ ത.സ്വ.ഭ.വയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**5.4.1 ചുമതലകൾ**

- ജില്ലാ തലത്തിൽ ക്യാമ്പയിന്റെ ഏകോപനം
- ക്യാമ്പയിൻ വിലയിരുത്തലും നിരീക്ഷണവും
- വൈദഗ്ധ്യ വികസനം — പരിശീലനം
- സാങ്കേതിക സഹായവും സാങ്കേതിക പ്രശ്നപരിഹാരം നിർദ്ദേശിക്കലും.
- റിപ്പോർട്ടിംഗ്&ഡോക്യുമെന്റേഷൻ
- ക്യാമ്പയിൻ സെക്രട്ടേറിയറ്റ് അംഗങ്ങൾക്ക് മേൽ സൂചിപ്പിച്ച ചുമതലകൾ ജില്ലാസെക്രട്ടേറിയറ്റിൽ കൂടിയാലോചിച്ച് നിശ്ചയിച്ചു നൽകണം. കൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയും നൽകണം.
- ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ക്യാമ്പയിൻ സെക്രട്ടേറിയറ്റ് പ്രതിദിനം യോഗം ചേരേണ്ടതാണ്.
- റിസോഴ്സ് പേഴ്സൺമാരെ പരിശീലിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണം.
- തദ്ദേശ സ്വയംഭരണ ക്യാമ്പയിൻ ടീമിലേക്ക് വിവിധമേഖലകളിൽ നിന്നും സന്നദ്ധ പ്രവർത്തകരെ ലഭ്യമാക്കൽ.
- ജില്ലയിൽ ക്യാമ്പയിൻ ജനകീയ പരിപാടിയായി മാറ്റാൻ അനുയോജ്യമായ തനത് പരിപാടികൾ രൂപം നൽകി നടപ്പാക്കൽ.
- യുവതയുടെ ക്യാമ്പയിൻ നെറ്റ് വർക്ക് രൂപീകരിക്കുക. ഇതിനായി ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയേറ്റിൽ 2 -3 പേർ ഉൾക്കൊള്ളുന്ന ടീമിന് രൂപം നൽകുക.

**5.5 നിയമസഭാ നിയോജക മണ്ഡല തലം**

പരാമർശം (5) ലെ ഉത്തരവ് പ്രകാരം,2016- ലെ ഖര മാലിന്യ പരിപാലന ചട്ട പ്രകാരം മാലിന്യ സംസ്കരണം കൃത്യമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ഓരോ നിയോജക മണ്ഡലത്തിലും എം എൽ എ യുടെ നേതൃത്വത്തിലുള്ള മോണിറ്ററിങ് കമ്മിറ്റി രൂപികരിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . കമ്മിറ്റിയുടെ ചുമതലകളും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിയമസഭാ മണ്ഡല അടിസ്ഥാനത്തിൽ നൂതന ആശയങ്ങൾ ഉൾപ്പെടുത്തി ക്യാമ്പയിനുകൾ സംഘടിപ്പിക്കാവുന്നതാണ്.

**5.6 ഗ്രാമ പഞ്ചായത്ത് തല സംഘാടക സമിതി**

- അദ്ധ്യക്ഷൻ - ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്
- കൺവീനർ - ഗ്രാമ പഞ്ചായത്ത് സെക്രട്ടറി
- അംഗങ്ങൾ

- പഞ്ചായത്ത് അംഗങ്ങൾ
- മാലിന്യ സംസ്കരണത്തിന്റെ നോഡൽ ഓഫീസറും നിർവഹണ ഉദ്യോഗസ്ഥനും
- അസി.എൻജിനീയർ
- ഗ്രാമ പഞ്ചായത്തിലെ ഘടക സ്ഥാപന മേധാവിമാർ
- സി.ഡി.എസ് ചെയർപേഴ്സൺ
- പഞ്ചായത്തുതല ക്യാമ്പയിൻ ടീമിലെ 4-5 സന്നദ്ധ പ്രവർത്തകർ
- എൻ.എസ്.എസ് പ്രതിനിധി
- എൻ.എസ്.എസ് നാഷണൽ റിസോഴ്സസ് പ്രൊട്ടക്ഷൻ ഫോറം (NRPF) പ്രതിനിധി
- കുടുംബശ്രീ ഗ്രീൻ അംബാസിഡർ
- ഹരിത കർമ്മസേന കൺസോഷ്യം സെക്രട്ടറി, പ്രസിഡന്റ്
- ഹരിത സഹായസ്ഥാപന പ്രതിനിധി
- പഞ്ചായത്തുതലത്തിലുള്ള രാഷ്ട്രീയ-സാമൂഹ്യ- സന്നദ്ധ സംഘടനാ പ്രതിനിധികൾ
- വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധി
- ചുമതലയുള്ള ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൺ
- സന്നദ്ധ സേന അംഗങ്ങൾ
- യൂത്ത് നെറ്റ് വർക്കിന്റെ 2 -3 പേർ.

**5.6.1 ചുമതലകൾ**

- ഗ്രാമപഞ്ചായത്തിന്റെ സാഹചര്യം വിലയിരുത്തി അനുയോജ്യമായ രീതിയിൽ ജനകീയ ക്യാമ്പയിന് രൂപം നൽകി നടപ്പിലാക്കുക.
- പ്രതിദിന യോഗം ചേരൽ
- സെക്രട്ടറി അവതരിപ്പിക്കുന്ന ക്യാമ്പയിൻ റിപ്പോർട്ട് ചർച്ചചെയ്ത് പുരോഗതി വിലയിരുത്തുക.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുകയും കുറവുകൾ പരിഹരിക്കുകയും ചെയ്യുക.
- വാർഡുതല സമിതികളുടെ പ്രവർത്തനം വിലയിരുത്തി കുറവുകൾ പരിഹരിക്കുക

- ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ മുഖേന നടപ്പാക്കേണ്ട അടിസ്ഥാന വികസന പദ്ധതികൾക്ക് ഭൂമി കണ്ടെത്തി മേൽത്തട്ട നിർദ്ദേശങ്ങൾക്ക് രൂപം നൽകുക

- വാർഡു സമിതികൾ കണ്ടെത്തിയിട്ടുള്ള മാലിന്യക്കുനകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

- ജല സ്രോതസുകളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്കു പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- മിനി എം.സി.എഫ് നിർമ്മിക്കുന്നതിനും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനാവശ്യമായ കംമ്പോസ്റ്റ് പിറ്റുകൾ നിർമ്മിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്ന സാഹചര്യം വിലയിരുത്തി നടപടി സ്വീകരിക്കുക.

- വാണിജ്യ സ്ഥാപന ഉടമകളുടെയും വ്യാപാരി വ്യവസായി സംഘടനകളുടെ യോഗം ചേർന്ന് "ബൾക്ക് വേയ്സ്റ്റ് ജനറേറ്റേഴ്സി" ന്റെ മാലിന്യ സംസ്കരണ രീതികൾ വിലയിരുത്തുക.

- റെസിഡന്റ്സ് വെൽഫയർ അസോസിയേഷനുകൾ, യുവജന സംഘടനകൾ, വായനശാലകൾ, വയോജന സംഘടനകൾ, സർവ്വീസ് സംഘടനകൾ, പെൻഷനർമാരുടെ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ, മത സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയ വിവിധ വിഭാഗങ്ങളുടെ യോഗം ചേർന്ന്ക്യാമ്പയിൻ സുഗമമായി നടത്തുന്നതിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.

- ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ മീഡിയാ പ്ലാൻ സംബന്ധിച്ച് ജില്ലാതല സംഘാടക സമിതിയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുക.

- തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തെ സ്ഥാപനങ്ങളിൽ ഗ്രീൻ ഓഡിറ്റിംഗ് നടത്തി അർഹരായവർക്ക് പുരസ്കാരങ്ങൾ നൽകുക.

- ജനകീയ ഓഡിറ്റിന് ആവശ്യമായ സാഹചര്യം ഒരുക്കുക.

- പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ ഏജൻസികളുടെയും മേധാവികളുടെ യോഗം വിളിച്ചു ചേർത്ത് ഓഫീസുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തണം.

5.6.2. വാർഡ് ശുചിത്വാരോഗ്യ സമിതി വിപുലീകരിക്കുക:- ക്ലസ്റ്റർ പ്രതിനിധികൾ വിവിധ സംഘടനകൾ - സ്ഥാപനങ്ങളുടെ പ്രതിനിധികൾ, യൂത്ത് പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതാണ്.

## 5.7 നഗരസഭാ തല സംഘാടക സമിതി

- അദ്ധ്യക്ഷൻ - നഗരസഭാ ചെയർ പേഴ്സൺ/മേയർ
- കൺവീനർ - സെക്രട്ടറി
- അംഗങ്ങൾ
    - വൈസ് ചെയർമാൻ/ഡെപ്യൂട്ടി മേയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, നഗരസഭാ ഭരണ സമിതി അംഗങ്ങൾ
    - മുൻസിപ്പൽ /കോർപ്പറേഷൻഎൻജിനീയർ,എൻവയോൺമെന്റ് എൻജിനീയർ
    - നഗരസഭയിലെ ഘടക സ്ഥാപന മേധാവികൾ
    - സി.ഡി.എസ് ചെയർ പേഴ്സൺ/ചെയർ പേഴ്സൺമാർ
    - ചുമതലയുള്ള ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൺ
    - കുടുംബശ്രീ ഗ്രീൻ അംബാസഡർ
    - കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ/ ക്ലീൻ സിറ്റി മാനേജർ
    - ഹരിത കർമ്മ സേന കൺസോർഷ്യം പ്രസിഡന്റ്/സെക്രട്ടറി
    - നഗരസഭാ പ്രദേശത്തെ രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ
    - KSWMP (PIU) പ്രതിനിധി
    - NULM പ്രതിനിധി
    - എൻ.എസ്.എസ് പ്രതിനിധി
    - എൻ.എസ്.എസ് (എൻ.ആർ.പി.എഫ്) പ്രതിനിധി
    - നഗരസഭാ ക്യാമ്പയിൻ ടീമിലെ 5-10 സന്നദ്ധ പ്രവർത്തകർ
    - റസിഡൻസ് അസോസിയേഷൻ അപ്പക്സ് കമ്മിറ്റി പ്രതിനിധികൾ
    - വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധി
    - സന്നദ്ധ സേന അംഗങ്ങൾ
- യൂത്ത് നെറ്റ് വർക്കിന്റെ 2 -3 പ്രതിനിധികൾ

5.7.1 ചുമതലകൾ

- സമയബന്ധിതമായി ലക്ഷ്യം കൈവരിക്കാനുള്ള ക്യാമ്പയിൻ പ്ലാൻ തയ്യാറാക്കുക.
- സെക്രട്ടറി അവതരിപ്പിക്കുന്ന ക്യാമ്പയിൻ റിപ്പോർട്ട് ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തുകയും കുറവുകൾ പരിഹരിക്കുകയും ചെയ്യുക.
- വാർഡുതല സമിതികളുടെ പ്രവർത്തനം വിലയിരുത്തി കുറവുകൾ പരിഹരിക്കുക.
- ഖരമാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് കണ്ടെത്തുക.
- മാലിന്യ സംസ്കരണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭൂമി കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.
- വാർഡു സമിതികൾ കണ്ടെത്തിയിട്ടുള്ള മാലിന്യ കൂനകൾ നീക്കം ചെയ്യുന്ന തിനുള്ള നടപടികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുക.
- ജല സ്രോതസുകളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക പുനഃസ്ഥാപി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യേണ്ട സാഹചര്യം വിലയിരുത്തി നടപടി സ്വീകരിക്കുക.
- വാണിജ്യ സ്ഥാപന ഉടമകളുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും യോഗം ചേർന്ന് "ബൾക്ക് വേയ്സ്റ്റ് ജനറേറ്റേഴ്സി" ന്റെ മാലിന്യ സംസ്കരണ രീതികൾ വിലയിരുത്തുക. 100%.ഖരമാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക
- നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ ഏജൻസികളുടെയും മേധാവികളുടെ യോഗം ചേർന്ന് ഓഫീസുകൾ/ സ്ഥാപനങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- റെസിഡന്റ് വെൽഫയർ അസോസിയേഷനുകൾ, യുവജന സംഘടനകൾ, വായനശാലകൾ, വയോജന സംഘടനകൾ, സർവ്വീസ് സംഘടനകൾ, പെൻഷനർമാരുടെ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ, മത സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുടെ യോഗം ചേർന്ന് ക്യാമ്പയിൻ സുഗമമായി നടത്തുന്നതിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.
- ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ മീഡിയാ പ്ലാൻ സംബന്ധിച്ച് ജില്ലാ തല സംഘാടക സമിതിയിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുക.
- കൺസ്ടക്ഷൻ &ഡിമോളിഷിംഗ് വേസ്റ്റ് (C&D Waste) പരിപാലനത്തിനാ വശ്യമായ നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആരംഭിക്കണം.
- നഗരസഭാ പ്രദേശത്തെ എല്ലാ വിഭാഗം സ്ഥാപനങ്ങളെയും മാലിന്യ മുക്ത മാണെന്നു ഉറപ്പാക്കി

ഗ്രീൻ ഓഡിറ്റിംഗ് നടത്തുകയും മികച്ചവക്ക് പുരസ്കാരങ്ങൾ നൽകുകയും ചെയ്യുക.

- സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നഗരസഭ ഏർപ്പെട്ടത്തേണ്ടതാണ്.

5.7.2 വാർഡ് /ഡിവിഷൻ തലത്തിലുള്ള ശുചിത്വാരോഗ്യ സമിതിയെ വിപുലീകരിക്കുക. ക്ലസ്റ്റർ പ്രതിനിധികൾ, സംഘടനകൾ - സ്ഥാപനങ്ങളുടെ പ്രതിനിധികൾ, യൂത്ത് പ്രതിനിധികൾ തുടങ്ങി പരമാവധി പങ്കാളിത്തം ഉറപ്പാക്കി വിപുലീകരിക്കേണ്ടതാണ്.

**6. ക്യാമ്പയിൻ പ്രവർ ത്തനരീതി**

6.1 തദ്ദേശസ്വയംഭരണ സ്ഥാപനതല ക്യാമ്പയിൻ ടീം, തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷൻ, അംഗങ്ങൾ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, നോഡൽ ഓഫീസർ, നിർവഹണ ചുമതലയുള്ള ഉദ്യോഗസ്ഥ(ൻ), സന്നദ്ധ പ്രവർത്തകർ, ജില്ലാ സെക്രട്ടേറിയേറ്റ് നിയോഗിക്കുന്ന സന്നദ്ധ പ്രവർത്തകർ/ യൂത്ത് വോളന്റിയർമാർ, കുടുംബശ്രീ ഗ്രീൻ അംബാസിഡർ, ഹരിത കർമ്മ സേന കൺസോഷ്യം പ്രതിനിധി. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വലിപ്പത്തിനു അനുസരിച്ച് ക്യാമ്പയിൻ ടീമിന്റെ അംഗസംഖ്യ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു തീരുമാനിക്കാം. വലിയൊരു ജനകീയ ക്യാമ്പയിൻ സംഘാടനത്തിനു അനുയോജ്യമായ രീതിയിൽ ക്യാമ്പയിൻ ടീമിനു രൂപം നൽകണം.

6.2 ക്യാമ്പയിൻ ടീം അംഗങ്ങൾക്ക് കൃത്യമായ ചുമതലകൾ വീതിച്ചു നൽകുകയും പ്രതിദിന അവലോകനം നടത്തുകയും വേണം.

6.3 **ജനകീയ ക്യാമ്പയിൻ:** മാലിന്യ മുക്തം നവകേരളം എന്ന ലക്ഷ്യം പ്രാപ്തമാകുന്നതിന് ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കേണ്ടതുണ്ട്. ഇതിലേക്കായി ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും ബഹുജനസംഘടനകളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപന വാർഡുകളിൽ ചേരുന്ന ശുചിത്വ ആരോഗ്യ സമിതികളിൽ പരമാവധി ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. വാർഡു തലത്തിൽ 50 വീട്ടുകൾ ചേരുന്ന ക്ലസ്റ്റർ രൂപീകരിച്ചു കൊണ്ട് ഓരോ കുടുംബവുമായും സ്ഥാപനവുമായും നേരിട്ടു സംവദിക്കുകയും ക്യാമ്പയിന്റെ ആശയം എല്ലാ വീടുകളിലും എത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം. ഇതിലേക്കായി മീഡിയ പ്രവർത്തനവും കാര്യക്ഷമമാകണം.

6 . 4 . **നൂതന ക്യാമ്പയിൻ പരിപാടികൾ:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് നൂതന ക്യാമ്പയിൻ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

6.5 **ബഹുജനസംഘടനകളുടെ പങ്കാളിത്തം:** ബഹുജന സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയനുകൾ, കർഷക സംഘടനകൾ, സർവീസ് സംഘടനകൾ, പെൻഷനർമാരുടെ സംഘടനകൾ, വിവിധ സാമൂഹ്യ കൂട്ടായ്മകൾ പരിസ്ഥിതി സംഘടനകൾ, സാംസ്കാരിക സംഘടനകൾ, വയോജന സംഘടനകൾ, യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം, വ്യപാരി വ്യവസായി സംഘടനകൾ, ലയൺ / റോട്ടറി സംഘടനകൾ, മത സ്ഥാപനങ്ങളും കാഴ്ച പരിമിതരുടേയും ഭിന്നശേഷിക്കാരുടേയും സംഘടനകൾ . സ്പോർട്ട്സ്&ആർട്ട്സ് ക്ലബ്ബുകൾ, സഹകരണ പ്രസ്ഥാനം,സ്കൂൾ കോളേജ് NCC, NSS, SPC സ്കൗട്ട് &ഗൈഡ്സ് തുടങ്ങി ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി പരമാവധി സംഘടനകളേയും സ്ഥാപനങ്ങളേയും ക്യാമ്പയിനിൽ പങ്കാളികളാക്കണം. ഇതിലേക്കായി ഓരോ വിഭാഗത്തിലും പെടുന്ന സംഘടനകളുടെ ഒറ്റയ്ക്കോ കൂട്ടായോ യോഗം ചേരുകയും ക്യാംപയിനിന്റെ ആശയവും പ്രാധാന്യവും ബോധ്യപ്പെടുത്തുകയും വേണം.

6.6 **ബൾക്ക് ജനറേറ്റർ:** മാലിന്യ

സംസ്കരണ മേഖലയിൽ പൂർണ്ണത കൈവരിക്കുന്നതിന് ബൾക്ക് ജനറേറ്റേഴ്സിന്റെ പങ്കാളിത്തം വളരെ പ്രധാനമാണ്. ജൈവ-അജൈവമാലിന്യങ്ങൾ പ്രതിദിനം 100 കിലോഗ്രാമിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നവരെയാണ് 2016 ഖരമാലിന്യ ചട്ടങ്ങൾ പ്രകാരം 'ബൾക്ക് ജനറേറ്റേഴ്സ്' എന്ന് അറിയപ്പെടുന്നത്. വ്യാപാര സ്ഥാപനങ്ങൾ, ഹോട്ടൽ-റെസ്റ്റോറന്റുകൾ, തട്ടുകടകൾ തുടങ്ങി ചെറുതും വലുതുമായ എല്ലാ സംരംഭങ്ങളും ഇതിന്റെ പരിധിയിൽ വരും. അതുപോലെതന്നെ റെസിഡൻസ് അസോസിയേഷൻ, ഫ്ളാറ്റ് സമുച്ചയങ്ങൾ, ഗേറ്റഡ് കമ്യൂണിറ്റി, സർക്കാർ അർദ്ധ സർക്കാർ ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, സർക്കാർ/സ്വകാര്യ ഓഫീസുകൾ, ആശുപത്രികൾ, സ്കൂൾ/കോളേജുകൾ, റെയിൽവേ സ്റ്റേഷൻ, എയർപോർട്ട്, തുറമുഖങ്ങൾ, ബസ് സ്റ്റേഷനുകൾ, സ്വകാര്യ ലോറി പാർക്കിംഗ് (വണ്ടിത്താവളം ഏരിയ) എന്നിവയും ബൾക്ക് ജനറേറ്റേഴ്സിന്റെ പരിധിയിൽ ഉൾപ്പെടും

ഇത്തരം സ്ഥാപനങ്ങൾ/ഏജൻസികളുടെ പ്രതിനിധികളുടെ യോഗം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനം വിളിച്ചു ചേർക്കണം. പ്രസ്തുത യോഗത്തിൽ താഴെപറയുന്ന തീരുമാനം കൈക്കൊള്ളണം

- 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ എല്ലാ സ്ഥാപനങ്ങളിലും നടപ്പാക്കണം.
- മാലിന്യ പരിപാലന സമിതികൾ എല്ലാ സ്ഥാപനങ്ങളിലും രൂപീകരിക്കണം.
- എല്ലാവരും ക്യാമ്പയിനിൽ പങ്കാളികളാകണം.

7. **അന്തരീക്ഷസൃഷ്ടി**

- 2016-ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പൊതുബോധമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

- തദ്ദേശഭരണസ്ഥാപനത്തിലെ ജനപ്രതിനിധികളെ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം കില, ഹരിതകേരള മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ സഹായ ത്തോടെ സംഘടിപ്പിക്കണം.

- തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ബൾക്ക് ജനറേറ്റേഴ്സിനും സാമൂഹ്യ സംഘടനകൾക്കും മാലിന്യ പരിപാലന പാഠശാലകൾ സംഘടിപ്പിക്കണം.

- കുട്ടികൾ, വിദ്യാർത്ഥികൾ, യുവത, മുതിർന്ന പൗരർ എന്നിവരുട പങ്കാളിത്തം വിവിധ പ്രവർത്തനങ്ങളിലൂടെ ഉറപ്പാക്കണം.

- വ്യാപകമായ പ്രചാരണം സംഘടിപ്പിക്കണം. സമൂഹ മാധ്യമങ്ങൾ ( F M റേഡിയോ) അച്ചടി electronic മാധ്യമങ്ങൾ ഉൾപ്പെടെ.

- 2023 ജൂൺ 5ന് അന്തർ ദേശീയ പരിസ്ഥിതി ദിനം - ഹരിതസഭ സംഘടിപ്പിച്ചു സമുചിതമായി ആചരിക്കണം. വിദ്യാർത്ഥികൾ, അധ്യാപകർ, സർക്കാർ ജീവനക്കാർ, കുടുംബശ്രീ അംഗങ്ങൾ, റെസിഡന്റ്സ് അസോസിയേഷൻ എന്നിവർ പങ്കാളിയായി പ്രതിജ്ഞ എടുക്കണം. " വലിച്ചെറിയില്ല മാലിന്യം, ഉറവിടത്തിൽ തരംതിരിക്കും ജൈവ മാലിന്യം - ഉറവിടത്തിൽ സംസ്കരിക്കും, അജൈവ മാലിന്യം ഹരികർമ്മ സേനയ്ക്ക് കൈമാറും." എന്നതായിരിക്കണം പ്രതിജ്ഞ.

- ഒക്ടോബർ 2 പ്രത്യേക ദിനമായി ആചരിക്കും. 45 ലക്ഷം കുട്ടികൾ പങ്കെടുക്കുന്ന **അരുത് വലിച്ചെറിയരുത്** ക്യാമ്പയിൻ നടത്തും.

- **യുവതയുടെ നെറ്റ് വർക്ക്** തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും

രൂപീകരിക്കുകയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിന് അവസരമൊരുക്കുകയും ചെയ്യണം. ക്ലബ്ബുകൾ, സാമൂഹ്യമാധ്യമ കൂട്ടായ്മകൾ തുടങ്ങിയവയുടെ യോഗങ്ങൾ പഞ്ചായത്ത് വാർഡ് തലത്തിൽ ചേർന്ന് റോഡുകൾ മാലിന്യമുക്തമാക്കുന്നതിനും പരിപാലിക്കുന്നതിനും നിശ്ചയിച്ചു കൊടുക്കാം. മത്സരം ഏർപ്പെടുത്താം. എല്ലാ ക്യാമ്പയിനുകളും ഈ ലക്ഷ്യപ്രാപ്തിക്കായി പ്രയത്നിക്കേണ്ടതാണ്. SPC പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. എല്ലാ യുവജന സംഘടനകളെയും ഈ നെറ്റ് വർക്കിന്റെ ഭാഗമാക്കുന്നതാണ്. ഇതിനായി യുവജനങ്ങളിൽ നിന്നും പ്രത്യേക സന്നദ്ധ പ്രവർത്തകരെ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നിയോഗിക്കുന്നതാണ്.

- ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനവും അവരവരുടെ പ്രാദേശിക സവിശേഷതകൾ ഉൾക്കൊണ്ട് ക്യാമ്പയിൻ ലക്ഷ്യം നേടുന്നതിനു വേണ്ടി പ്രത്യേക പ്രചാരണ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കണം. മാലിന്യം വലിച്ചെറിയുന്നതിനെതിരായ പ്രചാരണവും നിയമനടപടിയും സ്വീകരിക്കണം. ഏറ്റവും സവിശേഷതയാർന്ന പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പുരസ്കാരങ്ങൾ നൽകും.

- തൊഴിലാളി/ സർവ്വീസ് സംഘടനകൾ, സന്നദ്ധസംഘടകൾ, ക്ലബ്ബുകൾ, സാമൂഹിക മാധ്യമ കൂട്ടായ്മകൾ, ടൂറിസം ക്ലബ്ബുകൾ, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവയുടെ യോഗങ്ങൾ പഞ്ചായത്ത്/നഗരസഭ വാർഡ് തലത്തിൽ ചേർന്ന് റോഡുകളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കുന്നതിനും പരിപാലിക്കുന്നതിനും ചുമതലകൾ നിശ്ചയിച്ചു നൽകാം.

- ഏറ്റവും സവിശേഷതയാർന്ന പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും സംസ്ഥാന തലത്തിലും പുരസ്കാരങ്ങൾ നൽകും.

- 2023 - 24 ലെ കേരളത്തിലെ മുഴുവൻ N S S ക്യാമ്പുകളും ഈ ലക്ഷ്യത്തിനു മാത്രമായി സംഘടിപ്പിക്കണം. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ NCC, സ്കൗട്ട് & ഗൈഡ്സ് തുടങ്ങി പരിസ്ഥിതി ക്ലബ്ബുകൾ തുടങ്ങി എല്ലാ ഏജൻസികളെയും ക്യാമ്പയിനിൽ പങ്കാളിയാക്കണം.

- കുടുംബശ്രീതല സംഘടനാ സംവിധാനത്തിലൂടെ വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കണം. ഹരിത അയൽക്കൂട്ടം, ബാലസഭാ ശുചിത്വോൽസവം, ബദൽ ഉല്പന്ന സംരംഭങ്ങൾ എന്നിവക്ക് ഊന്നൽ നൽകണം.

- തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മുഴുവൻ സാംസ്കാരിക, സാമൂഹിക സംഘടനകളുടെ നേതൃത്വത്തിൽ പ്രചാരണ പരിപാടി സംഘടിപ്പിക്കുക.

- വിദ്യാഭ്യാസ സ്ഥാപനങ്ങളെ മുഖ്യകേന്ദ്രങ്ങളാക്കി ശാസ്ത്രീയ മാലിന്യ സംസ്കരണരീതി സംബന്ധിച്ച് പൊതുബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ സംഘടിപ്പിക്കുക.

- വിവിധ സ്ഥാപനങ്ങളേയും സംഘടനകളേയും ക്യാമ്പയിൻ പങ്കാളികളാക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുക.

- മാലിന്യ ലഘൂകരണത്തിന്റെ ഭാഗമായി ബദൽ ഉൽപന്ന പ്രചാരണം സ്വാപ്ഷോപ്പ് ഗ്രീൻ പ്രോട്ടോകോൾ പാലനം, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കണം. ഒക്ടോബർ 2-ന് കേരളമാകെ 45 ലക്ഷം കുട്ടികൾ പ്രചാരണത്തിന് ഇറങ്ങുന്ന പരിപാടി.

**8. സാങ്കേതിക പിന്തുണാ സംവിധാനം**

- മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിന് ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി (എൻജിനീയറിംഗ് കോളേജുകൾ, കാർഷിക സർവകലാശാലകൾ, CIPET, ഇതര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ളവർ) പ്രത്യേക സമിതി സംസ്ഥാനതലത്തിൽ രൂപീകരിക്കുന്നതാണ്.

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടായി വരുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് പരിപഹാരം നിർദ്ദേശിക്കുന്നതിന് ശുചിത്വ മിഷൻ, KSWMP, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലെ വിദഗ്ധരും സന്നദ്ധ സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന ഒരു സ്ഥിരം സമിതി ജില്ലാതലത്തിൽ പ്രവർത്തിക്കുന്നതാണ്. ഈ സമിതിയുടെ രൂപീകരണം ജില്ലാ ശുചിത്വ മിഷൻ അടിയന്തിരമായി നടത്തേണ്ടതാണ്.

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകൾ, ഉപാധികൾ തുടങ്ങിയവ സംബന്ധിച്ച് പൊതുജനങ്ങൾക്കും ബൾക്ക് വേയ്സ്റ്റ് ജനറേറ്റേഴ്സിനും കൃത്യമായ പിന്തുണ നൽകുന്നതിനു ജില്ലാ ശുചിത്വ മിഷനുകളിൽ ഹെല്പ് ഡെസ്ക് സജ്ജമാക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഹരിതകർമ സേനയുടെ mentor RP മാറും മറ്റു ഹരിത സഹായ സ്ഥാപന പ്രതിനിധികളും ലഭ്യമായ സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന ഹെൽപ്ഡെസ്കുകളും സജ്ജമാക്കാവുന്നതാണ്.

- മാലിന്യ സംസ്കരണ മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനു സാങ്കേതിക വൈദഗ്ധ്യമുള്ള സ്റ്റാർട്ടപ്പുകളെയും സംരംഭകരെയും നിക്ഷേപകരെയും ആകർഷിക്കുന്നതിനും പങ്കാളിയാക്കുന്നതിനും സംസ്ഥാന ജില്ലാ തലങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ്.

- ബിരുദം, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി പ്രത്യേക ഇന്റേൺഷിപ്പ് പ്രോഗ്രാം ഇതിനായി ആരംഭിക്കുന്നതാണ്.

**9. മാലിന്യ മുക്തം നവകേരളം പ്രദേശം സൃഷ്ടിക്കൽ**

- കവലകൾ, പാർക്കുകൾ. കളിസ്ഥലങ്ങൾ, വിപണന കേന്ദ്രങ്ങൾ, തുടങ്ങിയ പൊതു ഇടങ്ങൾ **മാലിന്യ** മുക്തമായി പ്രഖ്യാപിക്കണം. തുടർന്ന് വാർഡും തദ്ദേശ ഭരണ സ്ഥാപനവും മാലിന്യ മുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെന്ന പ്രഖ്യാപനം നടത്തണം.

- ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയും വ്യത്യസ്ത വിഭാഗങ്ങളിൽപ്പെടുന്ന സ്ഥാപനങ്ങൾ (ഉദാ:ഹോട്ടൽ റെസ്റ്റോറന്റ്, സ്റ്റേഷനറി ഷോപ്പ്, മാളുകൾ, സൂപ്പർ മാർക്കറ്റ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ) , ഫ്ലാറ്റ് സമുച്ചയങ്ങൾ, റെസിഡന്റ് വെൽഫയർ അസോസിയേഷൻ, സർക്കാർ ഓഫീസുകൾ എന്നിവ സമ്പൂർണ്ണ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കിയ ശേഷം ഗ്രീൻ ഓഡിറ്റിങ്ങിനു വിധേയമാക്കുകയും ഓരോ വിഭാഗത്തിലേയും മികച്ച സ്ഥാപനങ്ങൾക്ക് പുരസ്കാരം തദ്ദേശ സ്വയം ഭരണ സ്ഥാപനം നൽകുകയും വേണം. ഇത്തരം പുരസ്കാരം ജില്ല തലത്തിലും നിയമസഭാ നിയോജക മണ്ഡലം ബ്ലോക്ക് പഞ്ചായത്ത്അടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നൽകുന്നതാണ്.

- അതുപോലെ തന്നെ മികച്ച ഹരിത കർമ്മസേന, വാർഡ്, ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, നിയമസഭാ നിയോജക മണ്ഡലം, ജില്ല എന്നിങ്ങനെ പുരസ്കാരങ്ങൾ നൽകണം.

**10. സന്നദ്ധ സേവനം.**

കേരളത്തിന്റെ വികസന നേട്ടങ്ങൾ കൈവരിക്കുന്നതിൽ കലവറയില്ലാത്ത വിധം സന്നദ്ധ സേവനം ലഭിക്കുകയുണ്ടായിട്ടുണ്ട്. കേരളത്തെ മാലിന്യമുക്തമാക്കി ആരോഗ്യം, പ്രകൃതി വിഭവ സംരക്ഷണം. ടൂറിസം വികസനം തുടങ്ങിയ മേഖലകൾ കരുത്താർജ്ജിക്കുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്ക് എത്തിക്കുന്നതിനും വലിയതോതിലുള്ള സന്നദ്ധ പ്രവർത്തനവും ജനപങ്കാളിത്തവും ആവശ്യമാണ്. മാലിന്യ മുക്ത കേരളം സൃഷ്ടിക്കുന്നതിന് വിപുലമായ ജനകീയ ക്യാമ്പയിൻ അനിവാര്യമാണ്. ഇതിൽ പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് അവരവരുടെ തദ്ദേശ ഭരണ സ്ഥാപനത്തിന് പുറത്ത് നടക്കുന്ന പരിശീലനം, മീറ്റിംഗ്കൾക്ക് പങ്കെടുക്കൽ മുതലായവക്ക് യഥാർത്ഥ യാത്രച്ചെലവും ഭക്ഷണച്ചെലവും നിയോഗിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനമോ സേവനം പ്രയോജനപ്പെടുത്തുന്ന ഏജൻസിയോ നൽകേണ്ടതാണ്. തനത് ഫണ്ടിൽ നിന്നോ വാർഷിക പദ്ധതിയിൽ പ്രത്യേക പ്രോജക്ടായി വച്ചോ ഇതിനുള്ള പണം കണ്ടെത്താവുന്നതാണ്.

## 11. നിയമ നടപടി

2016 ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങൾക്ക് വിരുദ്ധമായി മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കേണ്ടതാണ്.

**11.1** മാലിന്യം തെറ്റായ രീതിയിൽ കൈകാര്യം ചെയ്യുന്നവരെയും ഗാർഹിക/സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്തിടങ്ങളും കണ്ടെത്തുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേക വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് കുറഞ്ഞത് ഒരു സ്ക്വാഡും മുനിസിപ്പാലികൾക്ക് കുറഞ്ഞത് 2 സ്ക്വാഡും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 25 വാർഡുകൾക്ക് കുറഞ്ഞത് ഒരു സ്ക്വാഡ് വീതവും രൂപീകരിക്കേണ്ടതാണ്.

11.2 തദ്ദേശ സ്വയം ഭരണ സ്ഥാപനം നിയോഗിക്കുന്ന രണ്ട് ഉദ്യോഗസ്ഥരും ആരോഗ്യ ജാഗ്രതാസമിതി/ആർ.ആർ.ടി/ സന്നദ്ധസേന എന്നിവയിൽ നിന്നും 3 പേർ ഉൾപ്പെടെ 5 പേരിൽ കവിയാത്ത വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കേണ്ടതാണ്.

11.3 വിജിലൻസ് സ്ക്വാഡിന്റെ കൺവീനർ LSG യിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥനായിരിക്കണം, വിജിലൻസ് സ്ക്വാഡ് ഒരു രജിസ്റ്റർ സൂക്ഷിക്കണം. ജില്ലാ എൻഫോഴ്സ്മെന്റിന്റെ പരിശോധനാ വേളയിൽ രജിസ്റ്റർ നൽകേണ്ടതാണ്.

11.4 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിജിലൻസ് സ്ക്വാഡുകളുടെ പ്രവർത്തനവും ജില്ലാ എൻഫോഴ്സ്മെന്റ് ടീം വിലയിരുത്തേണ്ടതാണ്. വിജിലൻസ് സ്ക്വാഡുകൾ ആഴ്ചയിൽ കുറഞ്ഞത് 3 ദിവസമെങ്കിലും പരിശോധന നടത്തി നിയമ ലംഘനം നടത്തുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

11.5 എൻഫോഴ്സ്മെന്റ് ടീം നടത്തുന്ന പരിശോധനകളുടെ ഭാഗമായി നിയമ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നവർക്കു മേൽ യഥാസമയം നിയമനടപടികളും തുടർനടപടികളും സ്വീകരിക്കുന്നുണ്ടെന്ന് ജോയിന്റ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്. ഇതിനായി ജോയിന്റ് ഡയറക്ടർ ഒരു ഉദ്യോഗസ്ഥന് പ്രത്യേക ചുമതല നൽകണം.

## 12. ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ സംയോജിപ്പിക്കണം

സ്വച്ഛ് ഭാരത് ഗ്രാമം/നഗരം, കെ എസ് ഡബ്ല്യു എം പി, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, അർബൻ അഗ്ലോമറേഷൻ ഗ്രാന്റ് തുടങ്ങി ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ എല്ലാ സ്കീമുകളും ധനസഹായങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കർമ്മ പദ്ധതിയുമായി സംയോജിപ്പിച്ച് മാത്രമേ നടപ്പിലാക്കാവൂ. ഇതുമായി ബന്ധപ്പെട്ട അവലോകനം, ഐ ഇ സി പരിപാടികൾ, ഗ്രേഡിംഗ് തുടങ്ങി പ്രൊജക്ടുകളുടെ നിർവ്വഹണ പുരോഗതി ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങളും സംയോജിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത്/ നഗരസഭകളുടെ സമഗ്ര മാലിന്യ സംസ്കരണ പദ്ധതി എന്ന നിലയിലായിരിക്കണം ശുചിത്വ മിഷൻ, കെ എസ് ഡബ്ല്യു എം പി തുടങ്ങിയ ഏജൻസികൾ സ്കീമുകളുടെ നിർവഹണത്തിനാവശ്യമായ ഭരണപരവും സാങ്കേതികവുമായ പിന്തുണകൾ ലഭ്യമാക്കേണ്ടത്.

**13. ക്യാമ്പയിൻ ലക്ഷ്യങ്ങളും ഘട്ടങ്ങളും അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ**

ക്യാമ്പയിൻ ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിന് നിരന്തര അവലോകനവും വിലയിരുത്തലും ആവശ്യമായതിന് ചുവടെ ചേർക്കുന്ന ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

- വാർഡ്തലം - കൗൺസിലർ/ വാർഡ്മെമ്പർ നേതൃത്വത്തിൽ വാർഡ് ശുചിത്വആരോഗ്യ സമിതി-പ്രതിദിന വിലയിരുത്തൽ
- തദ്ദേശസ്വയംഭരണ സ്ഥാപനതലം - സെക്രട്ടറിയുടെ നേതൃത്വത്തിൽ ക്യാമ്പയിൻടീം പ്രതിദിന വിലയിരുത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി ക്യാമ്പയിൻ വിലയിരുത്തൽ, പ്രതിവാര അവലോകനം
- തദ്ദേശസ്വയംഭരണ സ്ഥാപനം- പഞ്ചായത്തു കമ്മിറ്റി/ കൗൺസിൽതലഅവലോകനം - പ്രതിമാസം
- ജില്ലാ കളക്ടർ - ദ്വൈവാര വിലയിരുത്തൽ
- ഡി.പി.സി അധ്യക്ഷൻ- പ്രതിമാസ വിലയിരുത്തൽ
- ജില്ലാ വാർ റൂമിന്റെ നേതൃത്വത്തിൽ പ്രതിദിന മോണിട്ടറിങ്ങും അവലോകനവും നടത്തി റിപ്പോർട്ട് സംസ്ഥാന വാർ റൂമിനു ലഭ്യമാക്കണം
- സംസ്ഥാന തല അവലോകനം

- അർബൻ/ റൂറൽ ഡയറക്ടർമാരുടെ വിലയിരുത്തൽ. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി പ്രതിദിന വിലയിരുത്തൽ നടത്തണം
- പ്രിൻസിപ്പൽ ഡയറക്ടർ - പ്രതിവാര വിലയിരുത്തൽ
- അഡീഷണൽ ചീഫ് സെക്രട്ടറി - ദ്വൈവാര അവലോകനം (പ്രിൻസിപ്പൽ ഡയറക്ടറുടെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ)
- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി - പ്രതിമാസ അവലോകനം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധി-2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റ്ഡ്.
ഡയറക്ടർ ജനറൽ , കില.
മിഷൻ ഡയറക്ടർ, അമൃത്.
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (അർബൻ) ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, ഐ.കെ.എം.
ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 26-05-2023 12:50:59

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.